**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 721** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>വന്യജീവി ആക്രമണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. പ്രവീൺ കുമാർ

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

**(എ)** അടുത്ത കാലത്തായി വന്യജീവി ആക്രമണം വർദ്ധിച്ച് വരുന്നതിന്റെ കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** കാലാവസ്ഥാ വ്യതിയാനം, യൂക്കാലിപ്റ്റസ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ മുതലായ വിദേശയിന വൃക്ഷങ്ങളുടെ തോട്ടങ്ങൾ, അധിനിവേശ വിദേശ സസ്യങ്ങൾ, മാലിന്യ നിക്ഷേപം, അശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനങ്ങൾ ഇവയൊക്കെ ആവാസവ്യവസ്ഥയുടെ ശോഷണത്തിന് കാരണമാകുന്നു. ഈ ആവാസ വ്യവസ്ഥ വന്യമൃഗങ്ങൾ ജനവാസ മേഖലയിലേക്ക് കടന്നു വരുന്നതിനും സംഘർഷങ്ങൾ ഉണ്ടാകുന്നതിനും കാരണമാകുന്നു.

**(ബി)** വന്യജീവികളുടെ സ്വാഭാവിക വാസസ്ഥലത്തേക്ക് മനുഷ്യരുടെ കടന്നുകയറ്റം വർദ്ധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** വന്യജീവികളുടെ സ്വാഭാവിക വാസസ്ഥലത്തേക്ക് മനുഷ്യരുടെ കടന്നുകയറ്റം വിശദമായി പരിശോധിക്കുന്നതാണ്.

**(സി)** ആക്രമണകാരികളായ വന്യജീവികളുടെ വംശവർദ്ധനവ് തുടർച്ചയായുള്ള ആക്രമണങ്ങൾക്ക് കാരണമാകുന്നുണ്ടോയെന്ന് പരിശോധിക്കുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** കടുവ, കാട്ടാന, മുതലായ വന്യ ജീവികളുടെ എണ്ണം കണക്കാക്കുന്നതിനായി പോപ്പുലേഷൻ എസ്റ്റിമേഷൻ നിശ്ചിത ഇടവേളകളിൽ കേരളത്തിലെ വനപ്രദേശങ്ങളിൽ നടത്തിവരുന്നുണ്ട്. ഏതെങ്കിലും ഇനത്തിൽപ്പെട്ട വന്യജീവികൾ ക്രമാതീതമായ വംശവർദ്ധനവ് ഉണ്ടായതായി കണ്ടെത്തിയിട്ടില്ല. വനമേഖലകളിൽ വിവിധയിനത്തിൽപ്പെട്ട വന്യജീവികളുടെ എണ്ണം കണക്കാക്കുന്നതിനും ജനവാസ മേഖലകളിൽ കാണപ്പെടുന്ന നാടൻകുരങ്ങ്, കാട്ടുപന്നി മുതലായ വന്യജീവികളുടെ സാന്നിദ്ധ്യവും ഏകദേശ എണ്ണവും കണക്കാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**